**പതിനാലാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3175**

**18/06/2019 ൽ മറുപടിക്ക്**

**കാഷ്യുബോർഡിന്റെ പ്രവർത്തനം**

**ചോദ്യം**

ശ്രീ.കെ.എൻ.എ. ഖാദർ

**ഉത്തരം**

ശ്രീമതി.ജെ.മെഴ്സിക്കുട്ടിഅമ്മ
(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ഈ സർക്കാർ രൂപീകരിച്ച കാഷ്യുബോർഡിന്റെ പ്രവർത്തനം തൃപ്തികരമാണോയെന്ന് വിലയിരുത്തിയിട്ടുണ്ടോ; ഇത് രൂപീകരിച്ചതിലൂടെ ഉണ്ടായ നേട്ടം വിശദമാക്കാമോ; | (എ) | വിലയിരുത്തിയിട്ടുണ്ട്. സംസ്ഥാനത്തെ തോട്ടണ്ടിയുടെ ദൗർലഭ്യം പരിഹരിക്കുന്നതിലേക്കായി കാഷ്യു ബോർഡ് കശുവണ്ടി ഉൽപ്പാദക ആഫ്രിക്കൻ രാജ്യങ്ങളിൽ നിന്ന് തോട്ടണ്ടി ഇറക്കുമതി ചെയ്തുവരുന്നു. കശുവണ്ടി വികസന കോർപ്പറേഷന്റെയും കാപ്പെക്സിന്റെയും കീഴിലുള്ള ഫാക്ടറികൾ തുറന്നു പ്രവർത്തിക്കുന്നതിനാവശ്യമായ തോട്ടണ്ടി തുടർച്ചയായി ലഭ്യമാക്കിവരുന്നു. കേരള കാഷ്യു ബോർഡിന്റെ പ്രവർത്തനം മൂലം തോട്ടണ്ടിയുടെ ലഭ്യതയും ന്യായവിലയും ഉറപ്പാക്കാൻ സാധിച്ചിട്ടുണ്ട്. കേരള കാഷ്യുബോർഡിന്റെ പ്രവർത്തനഫലമായി അടുത്ത 4-5 മാസത്തേയ്ക്ക് ആവശ്യമുള്ള തോട്ടണ്ടിയുടെ സ്റ്റോക്ക് ഇപ്പോൾ കശുവണ്ടി വികസന കോർപ്പറേഷന്റെയും കാപ്പെക്സിന്റെയും ഫാക്ടറികളിൽ ലഭ്യമായിട്ടുണ്ട്. ഇത് കാഷ്യു ബോർഡിന്റെ പ്രവർത്തന മികവിന്റെ തെളിവാണ്. |
| (ബി) | തോട്ടണ്ടിയുടെ ഗുണമേന്മയെ പ്രതിനിധീകരിക്കുന്ന ഔട്ട്ടേൺ എന്ന ഗ്രേഡ് വിലയിരുത്തിയാണോ ബോർഡ് മുഖേന വിദേശരാജ്യങ്ങളിൽ നിന്ന് തോട്ടണ്ടി ഇറക്കുമതി ചെയ്തുകൊണ്ടിരിക്കുന്നത്; | (ബി) | ഔട്ട്ടേണും നട്ട്കൗണ്ടും പ്രധാന ഗുണനിലവാര മാനദണ്ഡങ്ങളായി നിഷ്കർഷിച്ചുകൊണ്ടാണ് കേരള കാഷ്യു ബോർഡ് വിദേശ രാജ്യങ്ങളിൽ നിന്ന് തോട്ടണ്ടി ഇറക്കുമതി ചെയ്യുന്നത്. |
| (സി) | ഗ്രേഡ് കുറഞ്ഞ തോട്ടണ്ടിക്ക് ആനുപാതികമായതിലും കൂടുതൽ വില നൽകിയ | (സി) | ഇല്ല. ഇറക്കുമതി ചെയ്യുന്ന തോട്ടണ്ടിയുടെ landed weight, landed quality എന്നിവയെ അടിസ്ഥാനമാക്കിയാണ് അന്തിമ വില |

| | | | |
|---|---|---|---|
| | സാഹചര്യമുണ്ടായിട്ടുണ്ടോ; വ്യക്തമാക്കുമോ? | | നൽകുന്നത്. ഗ്രേഡിലുണ്ടാകുന്ന കുറവിന് ആനുപാതികമായി അന്തിമ വിലയിൽ കുറവുവരുത്തുന്നതാണ്. അതാത് സീസണിൽ ലഭ്യമാകുന്ന തോട്ടണ്ടിയാണ് കേരള കാഷ്യു ബോർഡ് വാങ്ങിച്ചുവരുന്നത്. |

സെക്ഷൻ ഓഫീസർ